**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **22-07-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധിക്കിടയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന ജനജീവിതം ദുസ്സഹമാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2021 മെയ് മാസം ഇന്ധനവില 18 പ്രാവശ്യം വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന ഖജനാവിനുണ്ടായ വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | 2021 മെയ് മാസം പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും സംസ്ഥാന സർക്കാരിന് 766.56 കോടി രൂപ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ നിന്ന് നിശ്ചിതതുക ഇളവു നൽകി സാധാരണക്കാരെ സഹായിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. പെട്രോളിന്റേയും ഡീസലിന്റേയും വിലയിന്മേൽ കേന്ദ്രം ചുമത്തുന്ന അധിക എക്സൈസ് തീരുവ, സെസ്സുകൾ എന്നിവ ഒഴിവാക്കാൻ സമ്മർദ്ദം ചെലുത്തി. |

സെക്ഷൻ ഓഫീസർ